പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1933</u>

<u>17.03.2015 ൽ മറുപടിക്ക്</u>

## മറുനാടൻ തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് മറുനാടൻ തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽഅന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മറുനാടൻ തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ നിരീക്ഷിക്കുന്നതിനും കണ്ടെത്തുന്നതിനും ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുന്നുണ്ട്; വിശദാംശം നൽകാമോ; | (ബി) | അത്തരം തൊഴിലാളികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയാനും അപരിചിതരെ തിരിച്ചറിയാനും, ഇവരെ നിരീക്ഷിക്കാനും ഇവരെ സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് അതാത് പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുവാനും സ്റ്റേഷൻ ഹൌസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ വിവരങ്ങൾ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കൂടാതെ, ഇവരുടെ ഫോട്ടോ അടക്കമുള്ള ബയോഡേറ്റ ശേഖരിച്ചും, ഈ ആളുകളുടെ താമസസ്ഥലവും തൊഴിലിടങ്ങളും ജനമൈത്രീ പോലീസിന്റെയും സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെയും സഹായത്തോടെ പ്രത്യേകം നിരീക്ഷണം നടത്തിയും മറ്റും ഇവരിലെ ക്രിമിനലുകളെ കണ്ടെത്താറുണ്ട്. |
| (സി) മറുനാടൻ തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും നടപടിയെടുക്കുന്നതിനും എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;<br>(ഡി) ഇല്ലായെങ്കിൽ അവർക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും ഈ വിഭാഗത്തിനു നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി പ്രത്യേക സംവിധാനം ഒരുക്കുന്ന കാര്യം പരിഗണിയ്ക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) യും (ഡി) യും | ഇത്തരം അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. രാജ്യത്തെ ഏതൊരു പൌരനും ലഭിക്കുന്ന എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും മറുനാടൻ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ഉറപ്പാക്കുന്നുണ്ട്. ഇതിന് പ്രത്യേക സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യം ഇല്ല. |

സെക്ഷൻ ഓഫീസർ